# കേരള സർവകലാശാല

നം.പി.ആർ.94/2020 ഫോൺ: 2305738

## പത്രക്കുറിപ്പ്

### കേരള സർവകലാശാല അവസാന സെമസ്റ്റർ പരീക്ഷയ്ക്ക് മികച്ച തുടക്കം

ഇന്നാരംഭിച്ച (ജൂൺ 2) കേരളസർവകലാശാലയുടെ അവസാന സെമസ്റ്റർ ബിരുദ പരീക്ഷയ്ക്ക് കേരളത്തിൽ അങ്ങോളമിങ്ങോളം സജ്ജീകരിച്ച പരീക്ഷാകേന്ദ്രങ്ങളിൽ മികച്ച ഹാജർ നില രേഖപ്പെടുത്തി. സർവകലാശാലയുടെ അധികാര പരിധിയിലുള്ള എല്ലാ കോളേജുകളിലും 95 ശതമാനത്തിനു മുകളിൽ വിദ്യാർത്ഥികൾ ഹാജരായിരുന്നു. വിദ്യാർത്ഥികളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിനുവേണ്ടി സൗകര്യപ്രദമായ പരീക്ഷാകേന്ദ്രങ്ങൾ തെരഞ്ഞെടുക്കുന്നതിന് സർവകലാശാല ഒരുക്കിയ സംവിധാനം നല്ലൊരു ശതമാനം വിദ്യാർത്ഥികളും പ്രയോജനപ്പെടുത്തി. ഇതിനു പുറമെ ലോക്ഡൗൺ മൂലം മറ്റു ജില്ലകളിലെ വിദ്യാർത്ഥികളെ പരിഗണിച്ച് 10 ജില്ലകളിലും ലക്ഷദ്വീപിലെ കവരത്തിയിലും പരീക്ഷാകേന്ദ്രം സജ്ജമാക്കിയിരുന്നു. എല്ലാ പരീക്ഷാകേന്ദ്രങ്ങളിലും അതതു തദ്ദേശസ്ഥാപനങ്ങൾ, ഫയർഫോഴ്സ്, ആരോഗ്യം, പോലീസ് എന്നീ വകുപ്പുകളുടെ പൂർണ്ണ സഹകരണം പരീക്ഷാനടത്തിപ്പിന് ലഭ്യമായിരുന്നു. കോവിഡ് വ്യാപനം തടയുന്നതിന് പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് ആരോഗ്യവകുപ്പ് നിർദ്ദേശിച്ച കർശന നിർദ്ദേശങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് സർവകലാശാല സിൻഡിക്കേറ്റ് അംഗങ്ങൾ ഉൾപ്പെടുന്ന പരിശോധനാസംഘങ്ങളെയും വിദ്യാർത്ഥികൾക്ക് പരീക്ഷയുമായി ബന്ധപ്പെട്ടുണ്ടാകുന്ന ആശങ്കകൾ പരിഹരിക്കുന്നതിന് പ്രശ്നപരിഹാര സമിതിയെയും സർവകലാശാല നിയോഗിച്ചിരുന്നു. പരീക്ഷാനടത്തിപ്പിൽ വിദ്യാർത്ഥികളിൽ നിന്നും മികച്ച പ്രതികരണമാണ് ലഭിച്ചതെന്നും സർവകലാശാല പത്രക്കുറിപ്പിൽ അറിയിച്ചു. ജൂൺ 12 – ാം തീയതിയോടുകൂടി ആറാം സെമസ്റ്റർ പരീക്ഷ പൂർത്തിയാകും.

### മസ്റ്ററിംഗ് – തപാൽ മാർഗം അപേക്ഷകൾ സമർപ്പിക്കാം

സംസ്ഥാനത്ത് കോവിഡ് 19 വ്യാപനത്തോട് അനുബന്ധിച്ച് നിലനിൽക്കുന്ന ലോക്ഡൗൺ നിർദ്ദേശ പ്രകാരം പ്രായമായവർ പുറത്തിറങ്ങുന്നത് ഒഴിവാക്കേണ്ടതിനാൽ കേരള സർവകലാശാലയിൽ നിന്നും പെൻഷൻ കൈപ്പറ്റുന്ന പെൻഷൻകാരും ഫാമിലി പെൻഷൻകാരും നേരിട്ട് ഹാജരായി മസ്റ്ററിംഗ് നടത്തുന്ന രീതി നിലവിൽ പ്രായോഗികമല്ല. ആയതിനാൽ അവർ ഒരു ഗസറ്റഡ് ഓഫീസർ/ബാങ്ക് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ ലൈഫ് സർട്ടിഫിക്കറ്റ് 2020 ജൂലൈ 15 നകം ഫിനാൻസ് ഓഫീസർ, കേരള സർവകലാശാല, തിരുവനന്തപുരം എന്ന മേൽവിലാസത്തിൽ തപാൽ മാർഗം അയയ്ക്കേണ്ടതാണ്. ലൈഫ് സർട്ടിഫിക്കറ്റിന്റെ മാതൃക കേരള സർവകലാശാല ഫിനാൻസ് വിഭാഗം വെബ്സൈറ്റായ www.kufinance.info - യിൽ ലഭ്യമാണ്.

ഈ സാമ്പത്തികവർഷം (2020 –21) ആദായനികുതിയുടെ പരിധിയിൽ വരുന്നവർ ലൈഫ് സർട്ടിഫിക്കറ്റിനോടൊപ്പം Anticipatory Income tax Statement കൂടി ഡൗൺലോഡ് ചെയ്ത് അയയ്ക്കേണ്ടതാണ്.

## ടൈംടേബിൾ

2020 ജൂൺ 22 ന് ആരംഭിക്കുന്ന പത്താം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ.എൽ.എൽ.ബി/ബി.കോം.എൽ.എൽ.ബി/ബി.ബി.എ.എൽ.എൽ.ബി പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫീസ്

2020 ജൂലൈയിൽ ആരംഭിക്കുന്ന നാലാം സെമസ്റ്ററ് എം.ബി.എ (ഫുൾ ടൈം – യു.ഐ.എം ഉൾപ്പെടെ/റെഗുലർ–ഈവനിംഗ്) (ട്രാവൽ & ടൂറിസം) (2014 സ്കീം & 2018 സ്കീം) പരീക്ഷകളുടെ രജിസ്ട്രേഷൻ 2020 ജൂൺ 3 ന് ആരംഭിക്കുന്നതാണ്. പിഴകൂടാതെ ജൂൺ 12 വരെയും 150 രൂപ പിഴയോടെ ജൂൺ 16 വരെയും 400 രൂപ പിഴയോടെ ജൂൺ 18 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫലം

2019 ജൂലൈയിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എ പൊളിറ്റിക്കൽ സയൻസ്, സംസ്കൃതം (ജനറൽ), ഇംഗ്ലീഷ്, മലയാളം, ഫിലോസഫി, എം.എസ്.സി സുവോളജി, ഫിസിക്സ്, ബോട്ടണി, മാത്തമാറ്റിക്സ്, ഇലക്ട്രോണിക്സ്, ഇക്കണോമിക്സ്, ബയോടെക്നോളജി, എം.കോം പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് ജൂൺ 15 വരെ അപേക്ഷിക്കാം.

**പബ്ലിക്ക് റിലേഷൻസ് ഓഫീസർ**

**തിരുവനന്തപുരം**
**02.06.2020**

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098